*പത്രക്കുറിപ്പ്* *25.09.2017*

# ഐഡിയ ഡേ: നൂതനാശയങ്ങൾക്ക് സ്റ്റാർട്ടപ്പ് മിഷന്റെ കൈത്താങ്ങ്

തിരുവനന്തപുരം : നൂതനാശയങ്ങൾക്കായി യാഥാർഥ്യമാക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ(കെഎസ്‌യുഎം) രൂപം നൽകിയ സാമ്പത്തിക സഹായപദ്ധതി ഐഡിയ ഡേ എന്ന പേരിൽ സംസ്ഥാനത്തെ സാങ്കേതിക മേഖലയിലെ സ്റ്റാർട്ടപ്പുകളിലേക്കെത്തുന്നു. നവീനവും വിപണനയോഗ്യവുമായ സാങ്കേതിക ഉത്പ്പന്നങ്ങളോ ആശയങ്ങളോ ഉള്ള സ്റ്റാർട്ടപ്പുകൾക്ക് സഹായധനം നൽകുന്നതിനുവേണ്ടി കെഎസ്‌യുഎം "ഇന്നവേഷൻ ഫണ്ട്" രൂപീകരിച്ചു.

കെഎസ്‌യുഎം കോളജുകളിൽ രൂപീകരിച്ചിട്ടുള്ള നൂതന സംരംഭക വികസന കേന്ദ്രങ്ങളിലുള്ള (ഐഇഡിസി) സ്റ്റാർട്ടപ്പുകൾക്ക് മാത്രമല്ല, പൊതുസമൂഹത്തിൽനിന്നുള്ള സാങ്കേതിക സംരംഭകർക്കും സഹായം ലഭ്യമാകും. എല്ലാ മാസത്തെയും ആദ്യ ശനിയാഴ്ച്ചയാണ് ഐഡിയ ഡേ ആയി നിശ്ചയിച്ചിട്ടുള്ളത്. ഈ ദിവസം അവതരിപ്പിക്കപ്പെടേണ്ട ഉത്പ്പന്നങ്ങളും ആശയങ്ങളുമായി വ്യക്തികൾക്കും സ്റ്റാർട്ടപ്പുകൾക്കും എല്ലാ മാസവും 25 വരെ അപേക്ഷിക്കാം. പദ്ധതിക്ക് തുടക്കം കുറിക്കുന്ന ഈ മാസത്തെ ഐഡിയ ഡേയിലെ പങ്കാളിത്തത്തിനായി അപേക്ഷിക്കുന്നതിനുള്ള അവസാന തിയതി സെപ്റ്റംബർ 29 വരെ നീട്ടിയിട്ടുണ്ട്.

ഐഡിയ ഗ്രാന്റ്, പ്രോട്ടോടൈപ്പ് ഗ്രാന്റ്, സ്കെയിൽ അപ് ഗ്രാന്റ് എന്നിങ്ങനെ തരംതിരിച്ചാണ് സഹായം നൽകുന്നത്. അപേക്ഷകരിൽനിന്ന് തെരഞ്ഞെടുത്തവരുടെ ആശയങ്ങളും ഉത്പ്പന്നങ്ങളും വിദഗ്ധ പാനലിന് മുൻപിൽ അവതരിപ്പിക്കാനുള്ള അവസരം സംരംഭകർക്കു ലഭിക്കും. കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സ്റ്റാർട്ടപ്പുകൾ ഗ്രാന്റിന് അപേക്ഷിക്കാൻ യോഗ്യരാണ്. എല്ലാ അപേക്ഷകളും ആദ്യ ഘട്ടത്തിൽ കെഎസ്‌യുഎമ്മിന്റെ ഇന്റേണൽ കമ്മിറ്റി സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കും.

. ആഗോള തലത്തിലേയ്ക്ക് പരിവർത്തനം ചെയ്യാവുന്ന നൂതനാശയങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു. ഉല്പന്നങ്ങൾക്കായിരിക്കും ഗ്രാന്റ് നൽകുക. സേവനങ്ങൾ പരിഗണിക്കുകയില്ല. സാമൂഹികപ്രസക്തിയുള്ള പദ്ധതികൾക്കും ആശയങ്ങൾക്കും മുൻഗണന ഉണ്ടായിരിക്കും. തെരഞ്ഞെടുത്ത അപേക്ഷകരെ ഐഡിയ ഡേയ്ക്ക് അഞ്ചുദിവസം മുൻപ് വിവരം അറിയിക്കും. കെഎസ്‌യുഎമ്മിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഓഫിസുകളിൽ ഏതെങ്കിലും ഒരു ക്യാംപസിൽ ആയിരിക്കും ഐഡിയ ഡേ ആചരിക്കുക. വേദിയെ സംബന്ധിച്ചുള്ള വിവരവും ഐഡിയ ഡേയ്ക്ക് അഞ്ചുദിവസം മുൻപ് അറിയിക്കുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെടാത്ത അപേക്ഷകരെ മുപ്പതാം തിയതിക്കകം ഇ-മെയിലിലൂടെ അറിയിക്കുന്നതായിരിക്കും.

തെരഞ്ഞെടുത്ത ഓരോ അപേക്ഷകർക്കും അവരുടെ ആശയം അവതരിപ്പിക്കാൻ പത്തുമിനിറ്റ് വീതം ലഭിക്കും. ആശയം, സവിശേഷത, പ്രശ്ന നിർവചനം, പരിവർത്തനപരത, ചെലവ് തുക എസ്റ്റിമേറ്റ്, ടീം എന്നിവ സംബന്ധക്കുന്ന വിവരങ്ങൾ വ്യക്തമാക്കുന്ന ആറ് സ്ലൈഡുകൾ പ്രസന്റേഷനിൽ ഉണ്ടായിരിക്കണം.

ഒരു ഉത്പ്പന്നത്തിന്റെ ആശയപ്രസ്താവനയും ആദ്യ മാതൃകയും സ്വന്തമായുള്ള വ്യക്തികൾക്ക് ഇന്നവേഷൻ ഗ്രാന്റിനായി അപേക്ഷിക്കാം

. ആഗോളസാധ്യതയും വിപണിമൂല്യവുമുള്ള ഇൻക്യൂബേഷനിലുള്ള സ്റ്റാർട്ടപ്പുകളെയും പരിഗണിക്കും. കേരളത്തിലെ 193 കോളെജുകളിൽ സ്ഥാപിച്ചിരിക്കുന്ന ഇന്നവേഷൻ ഓൻട്രപ്രനർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളിലൂടെ നിലവിൽ കെഎസ്‌യുഎം വിദ്യാർഥി സംരംഭകർക്കായി ഇന്നവേഷൻ ഫണ്ട് നൽകുന്നുണ്ട്. ഇതിനുപുറമേയാണ് പൊതുസമൂഹത്തിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഐഡിയ ഡേ എന്ന പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഓൺലൈനായി അപേക്ഷിക്കുന്നതിന് www.startupmission.kerala.gov.in/ideaday എന്ന വെബ്പേജ് സന്ദർശിക്കുക.